LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭക്ഷ്യധാന്യങ്ങളിലെയും പഴം, പച്ചക്കറി എന്നിവയിലേയും അമിത കീടനാശിനി പ്രയോഗംമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് കൃഷി വകുപ്പ് കർഷകർക്ക് ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ ജൈവകൃഷി, ജൈവകീടനാശിനികൾ, ജൈവിക നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികളും നടപ്പിലാക്കി വരുന്നു.

(ബി) ജൈവ കൃഷിയെക്കുറിച്ചുള്ള ബോധവത്ക്കരണത്തിനായി കൃഷി അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, കർഷകർ എന്നിവരെ ഉൾപ്പെടുത്തി ഒരു കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്.

കർഷക ഇൻഷ്വറൻസ് പദ്ധതി

246 (1686) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കർഷക ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയത് എന്ന് മുതലാണ് ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പദ്ധതി നടപ്പിലാക്കിയതിലൂടെ ഇതിനകം സംസ്ഥാനത്തെ എത്ര കൃഷിക്കാർക്ക് ഇൻഷുറൻസ് ബെനിഫിറ്റ്സ് ലഭിക്കുകയുണ്ടായി ;

(സി) സർക്കാർ ഇൻഷുറൻസ് പ്രീമിയം അടയ്ക്കുന്നതിലേക്ക് 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്രയായിരുന്നു; എത്ര തുക ഇതിനകം പ്രീമിയമായി അടയ്ക്കുകയുണ്ടായി ;

(ഡി) ഗുണഭോക്താക്കളുടെ വിഹിതമായി ഇതിനകം അടച്ച പ്രീമിയം തുക എത്ര ?

ഉത്തരം

(എ) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 1995 മുതലും കേന്ദ്രാവിഷ്കൃത പദ്ധതികളായ ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി 1999 മുതലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വൻസ് പദ്ധതി 2008 മുതലും നാളികേര

ഇൻഷ്വറൻസ് പദ്ധതി 2009 മുതലും നടപ്പിലാക്കി വരുന്നു. എന്നാൽ 2014 മുതൽ ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതിക്കു പകരം പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷികവിളകൾക്ക് നഷ്ടപരിഹാരം നൽകി വരുന്നു. കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് ഇതുവഴി ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. പരിഷ്കരിച്ച ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രകൃതിക്ഷോഭങ്ങൾ, രോഗകീടങ്ങളുടെ ആക്രമണം എന്നിവമൂലം പ്രഖ്യാപിത വിളകൾക്ക് അവയുടെ വിജ്ഞാപിത പ്രദേശങ്ങളിലുണ്ടാകുന്ന ഉത്പാദന നഷ്ടത്തിനാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം, വിളകൾക്ക് ദോഷകരമായി ഭവിക്കുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ (അതിവൃഷ്ടി, അനാവൃഷ്ടി, ശക്തിയായ കാറ്റ്, വരൾച്ച) എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. ഓരോ വിജ്ഞാപിത പ്രദേശങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓട്ടോമാറ്റിക് വെതർ സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കിയാണ് പദ്ധതിയിൽ ഇൻഷ്വർ ചെയ്ത വിളകൾക്ക് നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നത്.

കേര വൃക്ഷ ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭംമൂലം ഉല്പാദനക്ഷമതയുള്ള തെങ്ങുകൾ നശിക്കുകയാണെങ്കിൽ കർഷകന് ഇൻഷ്വറൻസ് സംരക്ഷണം ലഭിക്കുന്നു. 2013-14 വർഷത്തിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കി. 2014-15 വർഷങ്ങളിൽ തെങ്ങൊന്നിന് (15 വർഷം വരെ പ്രായമുള്ളവ) (16 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ളവ) 1750 രൂപയും ഇൻഷ്വറൻസ് സംരക്ഷണമായി നൽകി വരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം ഒക്ടോബർ വരെ 41234 കർഷക പദ്ധതിയിൽ അംഗങ്ങളാകുകയും 47,36,410 രൂപ പ്രീമിയമായി ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ 118,88,268 രൂപ ഇൻഷ്വറൻസ് സംരക്ഷണമായി 2166 കർഷകർക്ക് നൽകിയിട്ടുണ്ട്. 2013-14 വർഷത്തിൽ റാബി സീസണിൽ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ 11,223 കർഷകർ ഗുണഭോക്താക്കളാകുകയും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ 17,095 കർഷകർ ഗുണഭോക്താക്കളാകുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി എന്നിവയ്ക്ക് 100 ലക്ഷം രൂപയും പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. 2014-15-ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 500 ലക്ഷം രൂപ സംസ്ഥാന വിള ഇൻഷ്വറൻസ് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഒരു കോടി രൂപ പരിഷ്കരിച്ച ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്ന അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്.

(ഡി) 2014-15-ൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 47.36 ലക്ഷം രൂപ പ്രീമിയമായി അടച്ചിട്ടുണ്ട്.

കർഷക രജിസ്ട്രേഷൻ

247 (1687) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക രജിസ്ട്രേഷന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത രജിസ്ട്രേഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) രജിസ്റ്റർ ചെയ്ത കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത് എവിടെയെല്ലാമാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ കർഷകരെയും അവരുടെ കൃഷിയെയും കുറിച്ചുള്ള സമഗ്രമായ ഒരു ഡേറ്റാബേസ് ഉണ്ടാക്കുകയും അത് പൂർത്തിയാക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നൽകുകയും ചെയ്യുക.

(സി) രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ, വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ പ്രാഥമികമായി കാലതാമസം കൂടാതെ തെരഞ്ഞെടുക്കുന്നതിനും കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക്

LIBRARY ARCHIVES Kerala Legislative Assembly